**പതിനാലാം കേരളനിയമസഭ**

**പതിനൊന്നാം സമ്മേളനം**

| **നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2045** | **11.06.2018-ൽ മറുപടിക്ക്** |
|---|---|

**സ്ത്രീ സുരക്ഷ ഉറപ്പാക്കുന്നതിനായി ആവിഷ്കരിച്ച നടപടികൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി.യു. പ്രതിഭ ഹരി<br>പ്രൊഫ.കെ.യു. അരുണൻ<br>ശ്രീ.പുരുഷൻ കടലുണ്ടി<br>ശ്രീ. എം. രാജഗോപാലൻ | പിണറായി വിജയൻ<br>മുഖ്യമന്ത്രി |

| | | | |
|---|---|---|---|
| (എ) | സ്ത്രീ സുരക്ഷയുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ പോലീസിനെ സഹായിക്കുന്നതിനായി നിയോഗിച്ചിട്ടുള്ള നിർഭയ വോളന്റിയർമാരുടെ . പ്രവർത്തനങ്ങൾ എന്തൊക്കെയാണ്; | (എ) | നിർഭയ വോളന്റിയർമാരുടെ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.<br>1) ഓരോ സ്റ്റേഷൻ പരിധിയിലും വൃദ്ധരായ സ്ത്രീകൾ ഒറ്റയ്ക്ക് താമസിക്കുന്ന വീടുകൾ സന്ദർശിച്ച് അവരുടെ സുരക്ഷയ്ക്ക് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നു.<br>2) അതിക്രമങ്ങൾക്കിരയാകുന്ന സ്ത്രീകളേയും കുട്ടികളേയും സന്ദർശിച്ച് അവർക്ക് കൗൺസിലിംഗ് നടത്തി അവരുടെ പുനഃരധിവാസത്തിന് വേണ്ട ക്രമീകരണങ്ങൾ ചെയ്യുന്നു.<br>3) ഓരോ സ്റ്റേഷൻ പരിധിയിലുമുള്ള സ്ത്രീകൾക്കും കുട്ടികൾക്കും സ്വയം പ്രതിരോധ പരിശീലനവും സുരക്ഷാ ബോധവൽക്കരണ ക്ലാസും നടത്തുന്നു.<br>4) സ്ത്രീകളേയും കുട്ടികളേയും നവമാധ്യമങ്ങളുടെ ദുരുപയോഗങ്ങളെ കുറിച്ച് ബോധവൽക്കരിക്കുന്നു.<br>5) അതിക്രമങ്ങൾക്കിരയായ സ്ത്രീകൾക്ക് നിയമ പരിരക്ഷയ്ക്ക് ആവശ്യമായ സഹായം നൽകുന്നു.<br>6) വനിതാ ഹോസ്റ്റലുകൾ, അംഗൻവാടികൾ, ഡേകെയർ |

| | | | |
|---|---|---|---|
| | | | സെന്ററുകൾ, ഓർഫനേജുകൾ, വൃദ്ധസദനങ്ങൾ എന്നിവിടങ്ങൾ സന്ദർശിച്ച് അവിടുത്തെ അന്തേവാസികളുമായി ആശയ വിനിമയം നടത്തി അവരുടെ സുരക്ഷയ്ക്കാവശ്യമായ നടപടികൾ സ്വീകരിക്കുന്നു.<br>7) പൂവാലശല്യം ഉണ്ടാകുന്ന സ്ഥലങ്ങൾ തിരിച്ചറിഞ്ഞ് ബന്ധപ്പെട്ട എസ്.എച്ച്.ഒ മുഖാന്തിരം നടപടികൾ സ്വീകരി-ക്കുന്നതിനുവേണ്ടി സഹായം ചെയ്യുന്നു.<br>8) സ്കൂളുകളും കോളേജുകളും സന്ദർശിക്കുകയും പി.റ്റി.എ പ്രതിനിധികളുമായി ബന്ധപ്പെട്ട് കുട്ടികൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെ കുറിച്ച് മനസ്സിലാക്കി വേണ്ട നടപടികൾ സ്വീകരിക്കുന്നു.<br>9) കുട്ടികളുമായി കൂടികാഴ്ച നടത്തി അവർക്കിടയിൽ ലഹരി പദാർത്ഥങ്ങൾ ഉപയോഗിക്കു ന്നവരെ കണ്ടെത്തി അതിൽ നിന്നും പിൻതിരിപ്പിക്കുന്നതി നാവശ്യമായ നടപടികൾ സ്വീകരിക്കുന്നു.<br>10) പരിസര പ്രദേശങ്ങളിൽ നടക്കുന്ന കുറ്റകൃത്യങ്ങളെക്കുറിച്ച് പ്രത്യക്ഷ-മായും ഉള്ള അറിവ് പോലീസിന് കൈമാറുന്നു. |
| (ബി) | അതിക്രമ സാഹചര്യങ്ങൾ തിരിച്ചറിഞ്ഞ് അതിനെ നേരിടാൻ സ്ത്രീകളെ പ്രാപ്തരാക്കുന്നതിനുള്ള സ്വയം പ്രതിരോധ പരിശീലനപദ്ധതി പോലീസ് വകുപ്പ് നടപ്പാക്കി വരുന്നുണ്ടോ; വിശദമാക്കുമോ; | (ബി) | ഉണ്ട്. സംസ്ഥാനത്തുടനീളം സ്ത്രീകൾക്കും കുട്ടികൾക്കും എതിരെ ഉണ്ടാകുന്ന അതിക്രമങ്ങളെ നേരിടുന്നതിനും, അവരെ കായികവും മാനസികവുമായി പ്രാപ്തരാക്കുന്നതിന് സ്വയം പ്രതിരോധ പരിശീലനം പോലീസ് സേനയുടെ ആഭിമുഖ്യത്തിൽ എല്ലാ ജില്ലകളിലും നടത്തിവരുന്നുണ്ട്. എല്ലാ ജില്ലകളിലും |

| | | | |
|---|---|---|---|
| | | | പരിശീലന കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ട്. കേരളത്തിലെ ഭൂരിഭാഗം വനിതാ പോലീസ് ഉദ്യോഗസ്ഥർക്കും പരിശീലനം നൽകി കഴിഞ്ഞു. അതാത് ജില്ലകളിലെ സ്കൂൾ, കോളേജ്, റസിഡന്റ്സ് അസോസിയേഷൻ, കുടുംബശ്രീ യൂണിറ്റുകൾ, സന്നദ്ധ സംഘടനകൾ, എസ്.സി.എസ്.ടി കോളനികൾ എന്നിവിടങ്ങളിൽ സ്ത്രീകൾക്ക് സ്വയം പ്രതിരോധ പരിശീലന ക്ലാസുകൾ നടത്തിവരുന്നു. |
| (സി) | സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ കുറയ്ക്കുന്നതിനായി ഏർപ്പെടുത്തിയിട്ടുള്ള പിങ്ക് പട്രോൾ, പിങ്ക് ബീറ്റ് സംവിധാനങ്ങളുടെ വിശദാംശങ്ങൾ നൽകുമോ? | (സി) | സ്ത്രീകളുടേയും കുട്ടികളുടേയും സുരക്ഷയെ മുൻനിർത്തി സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനും സഞ്ചാര സ്വാതന്ത്ര്യത്തിനും സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കി വരുന്ന പദ്ധതിയാണ് ഓപ്പറേഷൻ പിങ്ക്. ഈ പദ്ധതി വനിതാ പോലീസ് ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ വാഹനത്തിലും കാൽനടയായും ചെയ്യുന്ന ഡ്യൂട്ടിയാണ് പിങ്ക് പട്രോൾ /പിങ്ക് ബീറ്റ് എന്നത്. പ്രസ്തുത പദ്ധതി നടപ്പിലാക്കി-യതിന്റെ ഫലമായി പൊതുസ്ഥലങ്ങളിലും യാത്രാവേളകളിലും സ്ത്രീകൾക്കെ-തിരെയുള്ള അക്രമങ്ങൾ നിയന്ത്രിക്കാൻ കഴിഞ്ഞിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**